# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## പത്രക്കുറിപ്പ്

**കാലിക്കറ്റ് സർവ്വകലാശാലയിലെ പഠന വകുപ്പുകളിലെയും, അഫിലിയേറ്റഡ് കോളേജുകൾ, യൂണിവേഴ്സിറ്റി സെന്ററുകൾ എന്നിവിടങ്ങളിലെയും 2021-22 അധ്യയന വർഷത്തേക്ക് പ്രവേശനപരീക്ഷകളുള്ള ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു**

കാലിക്കറ്റ് സർവ്വകലാശാലയുടെ പഠനവകുപ്പുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകൾ, സ്വാശ്രയ സെന്ററുകൾ, അഫിലിയേറ്റഡ് കോളേജുകൾ എന്നിവയിലെ 2021-22 അധ്യയന വർഷത്തേക്ക് പ്രവേശന പരീക്ഷ മുഖാന്തരം പ്രവേശനം നടത്തുന്ന ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുമുള്ള ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനും ഫീസ് അടയ്ക്കുന്നതിനും 10.05.2021 വരെ സൗകര്യമുണ്ടായിരിക്കുന്നതാണ്. വിജ്ഞാപന പ്രകാരം വിവിധ കോഴ്സുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ളവർക്കും ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷാഫീസ്: ജനറൽ വിഭാഗത്തിന് 370/- രൂപ. എസ്.സി/എസ്.ടി. 160/- രൂപ. ഈ ഫീസ് നിരക്കിൽ രണ്ട് പ്രോഗ്രാമുകൾക്ക് വരെ അപേക്ഷിക്കാം. പ്രവേശന യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒരു വിദ്യാർത്ഥിക്ക് മൂന്ന് പ്രോഗ്രാമുകൾക്ക് മാത്രമേ അപേക്ഷ നൽകാൻ സാധിക്കുകയുള്ളൂ. ഒരു അധിക പ്രോഗ്രാമിന് 55/- രൂപ കൂടി ഒന്നിച്ച് അടക്കണം.

ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടത് രണ്ട് ഘട്ടങ്ങളായാണ്. ആദ്യ ഘട്ടത്തിൽ CAPID യും പാസ്‌വേഡും മൊബൈലിൽ ലഭ്യമാകുന്നതിനുവേണ്ടി അപേക്ഷകർ www.cuonline.ac.in **-> Registration -> UG/PG Entrance 2021 -> UG/PG Entrance Registration 2021 -> 'New User (Create CAPID)' എന്ന ലിങ്കിൽ** അവരുടെ അടിസ്ഥാന വിവരങ്ങൾ നൽകേണ്ടതാണ്.

കാലിക്കറ്റ് സർവ്വകലാശാലയുടെ നാനോസയൻസ് ആന്റ് ടെക്നോളജി പഠനവകുപ്പിൽ നടത്തുന്ന എം.ടെക്. നാനോസയൻസ് ആന്റ് ടെക്നോളജി കോഴ്സിന് ഫീസ് - 555 രൂപ (SC/ST - 280 രൂപ). www.cuonline.ac.in **-> Registration -> Nanoscience & Technology 2021 - Registration -> 'New User (Create CAPID)' എന്ന ലിങ്കിൽ** അവരുടെ അടിസ്ഥാന വിവരങ്ങൾ നൽകേണ്ടതാണ്.

രണ്ടാം ഘട്ടത്തിൽ, മൊബൈലിൽ ലഭിച്ച CAPID യും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ പൂർത്തീകരിക്കേണ്ടതാണ്. അപേക്ഷയുടെ അവസാനമാണ് ഫീസ് അടച്ച് ഫൈനലൈസ് ചെയ്യേണ്ടത്. അപേക്ഷാ ഫീസ് അടച്ചതിനുശേഷം റീ ലോഗിൻ ചെയ്ത് അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുക്കേണ്ടതാണ്. പ്രന്റ്ഔട്ട് ലഭിക്കുന്നതോടെ മാത്രമേ അപേക്ഷ പൂർണ്ണമാകുകയുള്ളൂ. ഓൺലൈൻ പ്രിന്റ്ഔട്ട് സർവ്വകലാശാലയിലേക്കോ കോളേജുകളിലേക്കോ അയക്കേണ്ടതില്ല.

വിജ്ഞാപനം ചെയ്തിരിക്കുന്ന കോഴ്സുകളിലേക്ക് അഫിലിയേറ്റഡ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകൾ ഉൾപ്പെടെ എല്ലാ വിഭാഗം സീറ്റുകളിലേക്കുമുള്ള പ്രവേശനം പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റിൽ നിന്ന് മാത്രമായിരിക്കും നടത്തുക. ആയതിനാൽ പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാത്രമായിരിക്കും പ്രവേശന പരീക്ഷ മുഖാന്തരമുള്ള ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നത്.

പ്രവേശനം സംബന്ധിച്ച സുപ്രധാന വിവരങ്ങൾ ഓൺലൈൻ ഫീ അടയ്ക്കുമ്പോൾ നല്കിയ മൊബൈൽ ഫോൺ നമ്പറിലേക്കായിരിക്കും അയയ്ക്കുക. ആയതിനാൽ, ഓൺലൈൻ രജിസ്ട്രേഷനായി ഫീ അടയ്ക്കുമ്പോഴും ഓൺലൈൻ രജിസ്ട്രേഷൻ നടത്തുമ്പോഴും വിദ്യാർത്ഥികൾ അവരുടെ സ്വന്തം അല്ലെങ്കിൽ രക്ഷിതാക്കളുടെയോ മാത്രം മൊബൈൽ ഫോൺ നമ്പർ നൽകേണ്ടതാണ്.

പ്രവേശന വിജ്ഞാപനം, പ്രവേശന പരീക്ഷാ സമയക്രമം തുടങ്ങിയ വിശദവിവരങ്ങൾക്ക് www.cuonline.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഫോൺ : 0494 2407016, 2407017.

ഡയറക്ടർ

C.U. Campus
27.04.2021

To

പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)